**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 780** **12-06-2013- ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന ജലസേചന പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ദാസൻ** | **ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| **(എ)** വരൾച്ച നിവാരണ പാക്കേജിൽ പരിഗണിച്ച കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ മുഖേന നടപ്പിലാക്കുന്ന വി.സി.ബി.നിർമ്മാണ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | **(എ)** വരൾച്ചാ നിവാരണ പാക്കേജിൽ ഉൾപ്പെടുത്തി കൊയിലാണ്ടി നിയോജക മണ്ഡലമുൾപ്പെടുന്ന കോഴിക്കോട് ജില്ലയിൽ താത്ക്കാലിക തടയണകൾക്ക് മാത്രമേ ഭരണാനുമതി നൽകിയിട്ടുള്ളൂ. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 700 ചെക്ക് ഡാമുകളുടെ പദ്ധതിയിലാണ് കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വി.സി.ബി.കൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| **(ബി)** വരൾച്ച നിവാരണ പദ്ധതിയിൽ കോഴിക്കോട് കലക്ട്രേറ്റിൽ നിന്ന് അംഗീകാരം നൽകി വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് എന്നിവർ മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാം ; ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്ര; | **(ബി)** കൊയിലാണ്ടി നിയമസഭാമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികളിലായി കിണറുകളിലെ ചെളി നീക്കം ചെയ്യുന്ന പ്രവൃത്തികൾ 3 എണ്ണവും പമ്പു ഹൗസ് നവീകരണം ഒന്ന്, പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തികൾ 5 എണ്ണവും ആകെ 9 പ്രവൃത്തികൾക്കായി 20.55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വരൾച്ചാ നിവാരണ പദ്ധതി 2013 ൽ ഉൾപ്പെടുത്തി കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ കലക്ട്രേറ്റിൽ നിന്ന് ഭൂജല വകുപ്പിനായി യാതൊരു പദ്ധതിക്കും അംഗീകാരം നൽകിയിട്ടില്ല. |
| **(സി)** കൊയിലാണ്ടി നഗര സഭയ്ക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ള കുടിവെള്ള പദ്ധതിയുടെ പ്രപ്പോസലിൽ കേന്ദ്രതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | **(സി)** കൊയിലാണ്ടി നഗരസഭയ്ക്കുവേണ്ടിയുള്ള ജലവിതരണ പദ്ധതിയുൾപ്പെടെ ജൈക്കയുടെ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ ജലവിതരണ പദ്ധതികളുടെ ലിസ്റ്റ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |

(ഡി) ചിറ്റാരികടവ് റഗുലേറ്റർ കം ബ്രിഡ്ജിന് ഭരണാനുമതി ലഭിച്ചോ; വ്യക്തമാക്കുമോ?

(ഡി) മലബാർ പാക്കേജിൽ ചിറ്റാരിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന് 10.002 കോടി രൂപക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിസൈൻ അംഗീകാരം ലഭിച്ചത് 28-09-2011 ലാണ്. ഡിസൈനും 2012 SOR പ്രകാരവുമുള്ള 18.20 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റും പുതുക്കിയ ഭരണാനുമതിക്കുവേണ്ടി സർക്കാർ പരിശോധിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ.**